*Uncorrected/Not for publication*

*22-06-2026*
*Ruling – Non-inclusion of information in Budge tie*

## റൂളിങ്

<u>ബജറ്റ് ടൈയിൽ വിവരങ്ങൾ ഉൾപ്പെടുത്താത്തത് സംബന്ധിച്ച്</u>

<u>മി. സ്പീക്കർ</u>: ബജറ്റ് പ്രസംഗത്തിൽ അനുവദിച്ച നികുതി ഇളവുകളിൽനിന്നുമുള്ള സാമ്പത്തിക ബാധ്യതകൾ, പുതിയ നികുതി നിരക്കുകൾ നിശ്ചയിക്കുന്നതിൽനിന്നും ലഭിക്കുന്ന അധിക വരുമാനം എന്നിവ 'ടൈ'-യിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ലെന്നും ആയതിനാൽ മേല്പറഞ്ഞ വിവരങ്ങൾകൂടി ഉൾപ്പെടുത്തി ഒരു സപ്ലിമെന്ററി സ്റ്റേറ്റ്മെന്റ് സമർപ്പിക്കാൻ സർക്കാരിന് നിർദേശം നൽകണമെന്നുമാണ് ശ്രീ. കെ. എൻ. ബാലഗോപാൽ തന്റെ ക്രമപ്രശ്നത്തിലൂടെ ആവശ്യപ്പെട്ടത്. 2026-27-ൽ ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ച ആദ്യ ബജറ്റിന്റെ 'ടൈ'-യിൽ അധിക നികുതി വരുമാനത്തെക്കുറിച്ചോ ഇളവുകളെക്കുറിച്ചോ പ്രതിപാദിക്കുന്നില്ല. ആയതിനാൽ 2026-27-ലെ പുതുക്കിയ ബജറ്റിലെ ടൈയിലും ഇവ ഉൾക്കൊള്ളിച്ചിട്ടില്ലെന്നുമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇപ്പോൾ വിശദീകരിച്ചത്. ഇതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട അംഗം ആവശ്യപ്പെട്ടതുപോലെ ഒരു അനുബന്ധ പ്രസ്താവനയുടെ ആവശ്യമുണ്ടെന്ന് ചെയർ കരുതുന്നില്ല. ആയതിനാൽ ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ച ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.